# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3150 24.02.2016-ൽ മറുപടിയ്ക്ക്

### പഴയ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നതും നടപ്പാക്കിയതുമായ വികസന പ്രവർത്തനങ്ങൾ

ചോദ്യം 3150

ശ്രീമതി. ജമീലാപ്രകാശം

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
ബഹു: മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വികസന പദ്ധതികൾ ഏതെല്ലാം; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ ചുവടെ ചേർക്കുന്നു. |

| വർഷം | പദ്ധതി അടങ്കൽ |
|---|---|
| 2011-12 | 12010.00 |
| 2012-13 | 14010.00 |
| 2013-14 | 17000.00 |
| 2014-15 | 20000.00 |
| 2015-16 | 20000.00 |

ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റും ചെലവിന്റെ മുൻവർഷത്തെ കണക്കുകളും പദ്ധതികളുടെ വിശദമായ കുറിപ്പുകളും അതതു വർഷങ്ങളിലെ വാർഷിക പദ്ധതി എന്ന രേഖയിൽ നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | ആ പദ്ധതികളിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു; | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മിക്ക പദ്ധതികളും ഭരണാനുമതി നേടുകയും പൂർത്തിയാക്കപ്പെട്ടതുമാണ്. ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. ഭരണ വകുപ്പുകളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ വിവിധ ഭരണ വകുപ്പുകളിൽ നിന്നും ശേഖരിച്ചത് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | ആ പദ്ധതികൾക്ക് വേണ്ടി നാളിതു വരെ എന്തു തുക ചെലവഴിച്ചു എന്നും ആ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ? | 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |

Rejani

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്